**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 515** **17-09-2025 - ൽ മറുപടിയ്ക്ക്**

**എസ്.എൻ. ഹോസ്പിറ്റൽ -സപ്ലൈകോ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര എം.എൽ.എ. യുടെ പ്രത്യേക വികസന ഫണ്ട് 2021-22-ൽ ഉൾപ്പെടുത്തി നിർദ്ദേശിച്ച നൂറനാട് ഗ്രാമപഞ്ചായത്ത് വാർഡിലെ എസ്.എൻ. ഹോസ്പിറ്റൽ - സപ്ലൈകോ റോഡ് നിർമ്മാണപ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (എ) | **മാവേലിക്കര നിയോജക മണ്ഡലത്തിൽ 2021-22 വർഷത്തെ എംഎൽഎ പ്രത്യേക വികസന നിധിയിൽ നിന്നും 13,75,000/-(പതിമൂന്ന് ലക്ഷത്തി എഴുപത്തിയയ്യായിരം) രൂപ വിനിയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂറനാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ൽ എസ്.എൻ ഹോസ്പിറ്റൽ - സപ്ലൈക്കോ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് പ്രത്യേക അനുമതി നൽകി 15/09/2025 തീയതിയിൽ സ.ഉ.(സാധാ)നം./7389/2025/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.(ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.)** |

സെക്ഷൻ ഓഫീസർ

അനുബന്ധം.

'ഭരണഭാഷ മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ധനകാര്യ വകുപ്പ് - എം.എൽ.എ പ്രത്യേക വികസന നിധി - 2021-22 - മാവേലിക്കര നിയോജകമണ്ഡലം - നൂറനാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ൽ എസ്.എൻ ഹോസ്പിറ്റൽ - സപ്ലൈക്കോ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.7389/2025/ധന** **തീയതി,തിരുവനന്തപുരം, 15/09/2025**

---

**പരാമർശം:** 1. 29/12/2017 തീയതിയിലെ 161/2017/ധനം (അച്ചടി) നമ്പർ സർക്കാർ ഉത്തരവ്.

2. 12/12/2018 തീയതിയിലെ 194/2018/ധനം (അച്ചടി) നമ്പർ സർക്കാർ ഉത്തരവ്.

3. മാവേലിക്കര നിയോജകമണ്ഡലം ബഹു. എം.എൽ.എ. ശ്രീ. എം. എസ്. അരുൺ കുമാർ അവർകൾ ബഹു. ധനമന്ത്രിയ്ക്ക് സമർപ്പിച്ചിരുന്ന 18/07/2025 തീയതിയിലെ കത്ത്.

**<u>ഉത്തരവ്</u>**

മാവേലിക്കര നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തെ എം.എൽ.എ പ്രത്യേക വികസന നിധിയിൽ നിന്നും 13,75,000/- രൂപ വിനിയോഗിച്ച് നൂറനാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ൽ എസ്.എൻ ഹോസ്പിറ്റൽ - സപ്ലൈക്കോ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ മാവേലിക്കര നിയോജകമണ്ഡലം ബഹു. എം.എൽ.എ ശ്രീ. എം. എസ്. അരുൺ കുമാർ അവർകൾ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. പരാമർശം (1) ഉത്തരവ് പ്രകാരം ഗ്രാമങ്ങളിലെയും പട്ടണങ്ങളിലെയും നഗരപ്രദേശങ്ങളിലെയും അപ്രോച്ച് റോഡ്, ലിങ്ക് റോഡ്, മറ്റ് റോഡുകളുടെ നിർമ്മാണം, പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി എം.എൽ.എ യ്ക്ക് ഉചിതമാണെന്ന് തോന്നുന്ന പക്ഷം ഗ്രാമീണ റോഡുകളുടെ നിർമ്മാണം എന്നിവ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതാണെന്ന് പരാമർശം (2) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാവേലിക്കര നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തെ എം.എൽ.എ പ്രത്യേക വികസന നിധിയിൽ മതിയായ ഫണ്ട് ലഭ്യമാണ് എന്ന് ഉറപ്പ് വരുത്തണമെന്ന നിബന്ധനയോടെ 13,75,000/- (പതിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം) രൂപ വിനിയോഗിച്ച് നൂറനാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ൽ എസ്.എൻ ഹോസ്പിറ്റൽ - സപ്ലൈക്കോ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തിയും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പൂർണമായും പാലിക്കണമെന്ന നിബന്ധനയോടെയും പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ശ്രീകുമാർ എ എൽ**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

**<u>പകർപ്പ് :</u>**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II) കേരള, തിരുവനന്തപുരം

3. ബഹു. എം.എൽ.എ. ശ്രീ. എം. എസ്. അരുൺ കുമാർ (മാവേലിക്കര നിയോജകമണ്ഡലം), മന്നത്തുംപാട്ട് വീട്, കല്ലിമേൽ പി.ഒ., മാവേലിക്കര-690509.
4. ജില്ലാ കളക്ടർ, ആലപ്പുഴ.
5. ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [3231492/NC-B1/170/2025-FIN]

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ